(ബി) 5,06,300 രൂപ.

(സി) പ്രൈവറ്റ് ബസ്സ്, ലോറി, ടാക്സി, ആട്ടോറിക്ഷാ, തുടങ്ങിയ മോട്ടോർ വാഹനങ്ങളും സംബന്ധിച്ച് ജോലി ചെയ്യുന്ന ഡ്രൈവർ, കണ്ടക്ടർ, ക്ലീനർ, ചെക്കർ, ക്ലാർക്ക് മുതലായ അതിൽ ജോലി ചെയ്യുന്ന എല്ലാ വിഭാഗം തൊഴിലാളികൾക്കും.

(ഡി) കേരളാ മോട്ടോർ തൊഴിലാളി ക്ഷേമനിധി നിയമത്തിൽ പറഞ്ഞിട്ടുള്ള എല്ലാ വിഭാഗം തൊഴിലാളികൾക്കും ഇതിനകം ടി നിയമം ബാധകമാക്കിയിട്ടുണ്ട്.

## കർഷകത്തൊഴിലാളി ക്ഷേമനിധി

281 [308] ശ്രീ.സി. ടി. കൃഷ്ണൻ:

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കർഷകത്തൊഴിലാളികൾക്ക് ക്ഷേമനിധി നടപ്പിലാക്കാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനുവേണ്ടി നടത്തിയ പ്രവൃത്തിക എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) പാലക്കാട് ജില്ലയിൽ കർഷകത്തൊഴിലാളികൾക്കുവേണ്ടി നടപ്പിലാക്കിയ പ്രോവിഡൻറു ഫണ്ടു പദ്ധതി ഇപ്പോൾ നിലവിലുണ്ടോ; ഈ പദ്ധതിപ്രകാരം എത്ര സംഖ്യ ഇതേവരെ പിരിച്ചിട്ടുണ്ട്;

(ഡി) എത്ര കർഷകരിൽനിന്നും പ്രോവിഡൻറു ഫണ്ടിനുവേണ്ടി സംഖ്യ വസൂലാക്കിയിട്ടുണ്ട്;

(ഇ) എത്ര കർഷകത്തൊഴിലാളികൾക്കു ബാധകമാകത്തക്കവണ്ണം സംഖ്യ ഈടാക്കിയിട്ടുണ്ട്;

(എഫ്) പാലക്കാടു ജില്ലയിൽ പ്രോവിഡൻറു ഫണ്ടു പദ്ധതി നടപ്പിലാക്കാൻവേണ്ടി നടത്തിയ പ്രവർത്തനത്തിനും ജീവനക്കാരുടെ ശമ്പളത്തിനും കൂടി എത്ര സംഖ്യ ചെലവാക്കിയിട്ടുണ്ട്?

## ഉത്തരം

(എ) കർഷകത്തൊഴിലാളികൾക്ക് ഒരു ക്ഷേമനിധി നടപ്പാക്കുന്ന കാര്യം ഗവൺമെൻറ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

(ബി) കർഷകത്തൊഴിലാളി നിയമത്തിലെ വ്യവസ്ഥകൾപ്രകാരം പാലക്കാട് ജില്ലയിൽ പരീക്ഷണാർത്ഥം നടപ്പിലാക്കിയ പ്രോവിഡൻറ്. ഫണ്ടു പദ്ധതിക്കു പകരമായി ഒരു കർഷകത്തൊഴിലാളി ക്ഷേമനിധി ഏർപ്പെടുത്താൻ ഗവൺമെൻറ് തീരുമാനിക്കുകയുണ്ടായി. കർഷകത്തൊഴിലാളികൾക്ക് ഒരു ഇൻഷ്വറൻസ് പെൻഷനാനുകൂല്യ പദ്ധതി നടപ്പിലാക്കുന്ന കാര്യം ഗവൺമെൻറ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

(സി) 30-6-1985 മുതൽ നിലവിലില്ല. 3,42,019 രൂപ 53 പൈസ കർഷകത്തൊഴിലാളി പ്രോവിഡൻറ് ഫണ്ട് പദ്ധതിപ്രകാരം പിരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 585 കർഷകരിൽനിന്നും സംഖ്യ വസൂലാക്കിയിട്ടുണ്ട്.

(ഇ) 2,560 തൊഴിലാളികൾക്കു ബാധകമാകത്തക്കവണ്ണം സംഖ്യ ഉടൻ കൊടുക്കിയിട്ടുണ്ട്.

(എഫ്) 7,73,700 രൂപ ചെലവായിട്ടുണ്ട്.

## പൂട്ടിക്കിടക്കുന്ന മാവൂർ ഗ്വാളിയർ റയോൺസ് ഫാക്ടറി

282 [309] ശ്രീ. കെ. പി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവൂർ ഗ്വാളിയർ റയോൺസ് ഫാക്ടറി എന്നാണ് പൂട്ടിയത്;

(ബി) ഇതിനുള്ള കാരണമെന്തായിരുന്നു;

(സി) പ്രസ്തുത ഫാക്ടറി തുറക്കുന്നതിനുവേണ്ടി ഗവൺമെൻറ് ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു;

(ഡി) ഫാക്ടറി തുറന്നു പ്രവർത്തിക്കുന്നതിന് ഇന്നുള്ള ബുദ്ധിമുട്ടെന്താണ്;

(ഇ) ഈ ഫാക്ടറി ഗവൺമെൻറ് ഏറ്റെടുത്ത് പ്രവർത്തിക്കുന്നതിന് തയ്യാറാകുമോ?

### ഉത്തരം

(എ) മാവൂർ ഗ്വാളിയർ റയോൺസ് ഫാക്ടറിയിൽ 7-7-1985 മുതൽ തൊഴിലാളികളുടെ സമരംമൂലം പ്രവർത്തനം സ്തംഭിച്ചിരിക്കുകയാണ്.

(ബി) ദീർഘകാല കരാർ ഉണ്ടാക്കുക, 1982-83, 1983-84, 1984-85 എന്നീ കാലഘട്ടങ്ങളിലെ ബോണസ് നിജപ്പെടുത്തുക, തൊഴിലാളികളുടെ ആശ്രിതർക്ക് ജോലി നൽകുക, പ്രമോഷൻ സാദ്ധ്യത വർദ്ധിപ്പിക്കുക എന്നീ ആവശ്യങ്ങൾ മുൻനിർത്തി സമരം ആരംഭിച്ചതിനെ തുടർന്നാണ് ഫാക്ടറി പ്രവർത്തനം സ്തംഭിച്ചത്.

(സി) ഈ ഫാക്ടറി സ്തംഭനം ഒഴിവാക്കി തുടർന്നു പ്രവർത്തിപ്പിക്കുന്നതിനുവേണ്ടി നിരവധി അനുരഞ്ജന സമ്മേളനങ്ങൾ, ലേബർ ഡിപ്പാർട്ടുമെൻറു തലത്തിലും ഗവൺമെൻറു തലത്തിലും നടത്തിയിട്ടുണ്ട്.

(ഡി) മാനേജുമെൻറിൻെറയും യൂണിയൻ നേതാക്കളുടേയും അഭിപ്രായ ഭിന്നതമൂലം തൊഴിൽത്തർക്കം ഒത്തുതീർപ്പിലെത്തിയിട്ടില്ല.

(ഇ) ഈ ഫാക്ടറി ഗവൺമെൻറ് ഏറ്റെടുക്കുന്ന പ്രശ്നം ഇപ്പോൾ പരിഗണനയിലില്ല.

## പൂട്ടിക്കിടക്കുന്ന പുനലൂർ പേപ്പർമിൽ

283 [310] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ പേപ്പർമിൽ എന്നാണ് പൂട്ടിയത്;



LIBRARY ARCHIVES Kerala Legislative Assembly